LIBRARY ARCHIVES Kerala Legislative Assembly

ശ്യാമിലിക്ക് ഹോസ്റ്റൽ ഫീസും സ്റ്റൈപൻഡും അനുവദിക്കാൻ നടപടി

102(2354) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയുടെ പാലയാട് ക്യാമ്പസിൽ 2008-10 അക്കാഡമിക് കാലയളവിൽ എം.ബിഎ. കോഴ്സ് പഠിച്ച ശ്യാമിലി എന്ന പട്ടികജാതി വിദ്യാർത്ഥിനിക്ക് ഹോസ്റ്റൽ ഫീസ്, സ്റ്റൈപെന്റ് എന്നിവ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് ഹോസ്റ്റൽ ഫീസും സ്റ്റൈപെൻഡും നിഷേധിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് ഹോസ്റ്റൽ ഫീസ്, സ്റ്റൈപെൻഡ് എന്നിവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പാലയാട് ക്യാമ്പസിൽ ഹോസ്റ്റൽ സൗകര്യമുണ്ട്. എന്നാൽ മെസ്സ് സൗകര്യം ഇല്ല. നിലവിലുള്ള വ്യവസ്ഥ പ്രകാരം സ്ഥാപനത്തിന് ഹോസ്റ്റൽ സൗകര്യം ഇല്ലെന്ന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ ഹോസ്റ്റൽ ഫീസ് അനുവദിക്കാൻ കഴിയുമായിരുന്നുള്ളൂ. കുമാരി ശ്യാമിലിയുടെ കാര്യത്തിൽ സ്ഥാപന മേധാവി ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ടിയാൾക്ക് പോക്കറ്റ് മണിയായ 100 രൂപ മാത്രമെ പ്രതിമാസം അനുവദിച്ച് നൽകിയിട്ടുള്ളൂ.

(സി) മെസ് സൗകര്യമില്ലാത്ത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ.ഉ.(സാധാ)നമ്പർ 1142/10/പജ.പവ. വിവ തീയതി 20-11-2010 പ്രകാരം 1500 രൂപ മെസ് ഫീസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 2008 വർഷം പ്രവേശനം നേടിയ ശ്യാമിലി എന്ന വിദ്യാർത്ഥിനിക്ക് ആനുകൂല്യം അനുവദിക്കാൻ കഴിയുകയില്ല.

എസ്സി./എസ്ടി. വിഭാഗക്കാരുടെ ആശ്രിത നിയമനം

103(2355) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനപ്രകാരം ജോലി ലഭിക്കുന്നതിന് എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വരുമാന പരിധി (ക്രീമീലെയർ) നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്നുമുതലാണ് ഇത്തരത്തിൽ ഒരു ഉത്തരവ് ഇറക്കിയത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഉത്തരവ് പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?